സിവിൽ സ്റ്റേഷൻ നിർമ്മിക്കാത്ത ജില്ലകൾ

11 (4290) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ബാലറാം :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സ്റ്റേഷൻ നിർമ്മിക്കാത്ത ഏതെങ്കിലും ജില്ലയുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ബി) ഈ ജില്ലകളിൽ സിവിൽ സ്റ്റേഷൻ നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ സിവിൽ സ്റ്റേഷൻ നിർമ്മിച്ചിട്ടില്ല.

(ബി) സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സിവിൽസ്റ്റേഷൻ നിർമ്മാണത്തിനായി മുൻ നിശ്ചയിച്ച സ്ഥലം മാറ്റേണ്ടിവന്നതിനാൽ പകരം സ്ഥലം ലഭ്യമായാൽ മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

റവന്യൂ ടവറുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സത്വര നടപടി

12 (4291) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണം നടന്നു വരുന്ന റവന്യൂ ടവറുകളുടെ പണി എന്നാണ് ആരംഭിച്ചത് എന്നും അവ ഏതൊക്കെ ജില്ലയിലാണെന്നും അവ എന്നു പൂർത്തിയാക്കേണ്ടിയിരുന്നുവെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) ഇവിടെ നിർമ്മാണത്തിന് അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇവ എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണം നടന്നുവരുന്ന നെടുമങ്ങാട്, എറണാകുളം എന്നീ റവന്യൂ ടവറുകളുടെ പണി ആരംഭിച്ചത് യഥാക്രമം 1-9-1995, 28-12-1995 എന്നീ തീയതികളിലാണ്. ഈ റവന്യൂ ടവറുകൾ യഥാക്രമം തിരുവനന്തപുരം, എറണാകുളം, എന്നീ ജില്ലകളിലാണ്. നെടുമങ്ങാട് റവന്യൂ ടവർ 31-5-1997- ലും എറണാകുളം റവന്യൂ ടവർ 27-8-1997-ലും പൂർത്തിയാക്കേണ്ടിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly